**'ഭരണഭാഷ – മാതൃഭാഷ'**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

തീയതി : **19/11/2020**

## ക്വട്ടേഷൻ നോട്ടീസ്

| | |
|---|---|
| ക്വട്ടേഷൻ നം. | : എസ് പി /5477/2019/ഡി ജി ഇ |
| ക്വട്ടേഷൻ സ്വീകരിക്കുന്ന തീയതി | : 23/11/2020 5 PM |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : 27/11/2020 5 P M |
| ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും | : 28/11/2020 3 PM |
| ക്വട്ടേഷൻ പ്രകാരം നിശ്ചയിച്ച നിരക്ക് നില നിൽക്കുന്ന തീയതി | : 28/12/2020 |

ക്വട്ടേഷൻ സമർപ്പിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും

അഡ്രസ്സും : സീനിയർ ഫിനാൻസ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

| | |
|---|---|
| ക്വട്ടേഷൻ പ്രകാരം ആവശ്യപ്പെടുന്നത് | ഡി ജി ഇ ഓഫീസ് ആഡിറ്റോറിയത്തിൽ പ്രവർത്തിക്കുന്ന പെൻഷൻ, സീനിയോരിറ്റി വിഭാഗങ്ങൾക്ക് ആവശ്യമായ നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ നടത്തുക.<br>1. ആകെ ജീവനക്കാർ 14<br>2. കംപ്യൂട്ടറുകളുടെ എണ്ണം 15<br>3. ഫോട്ടോ കോപ്പിയർ 3<br>4. പ്രിന്റർ 3 |

മേൽ സൂചിപ്പിച്ച പ്രകാരം ഇ-ഓഫീസ് സംവിധാനം ഒരുക്കുന്നതിനായി നെറ്റ്‌വർക്ക് കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടി അംഗീകൃത ഏജൻസികളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

ഒരു സ്ഥാപനത്തിൽ /വ്യക്തിയിൽ നിന്നും ഒരു ക്വട്ടേഷൻ മാത്രമേ സ്വീകരിക്കു . ഒന്നിലധികം സമർപ്പിച്ചാൽ ആദ്യം സമർപ്പിക്കുന്നത് മാത്രമേ പരിഗണിക്കു . ഏതെങ്കിലും സ്ഥാപനങ്ങളോ ഏജന്റോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരെ സ്വാധീനിക്കുന്നതിനു ശ്രമിച്ചാൽ ആയതു ക്വട്ടേഷൻ നിരസിക്കുന്നതിന് കാരണമാകുന്നതാണ്. നിർദേശിക്കപ്പെടുന്ന സമയ പരിധിക്കുള്ളിൽ നൽകാത്തതും വില വ്യതാസം വരുത്തുന്നത് സംബന്ധിച്ചുള്ള നിവേദനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ക്വട്ടേഷൻ പ്രഥമദൃഷ്ടിയാൽ നിരസിക്കപ്പെടുന്നതാണ്.

അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് കാലതാമസം നേരിടുകയോ ജോലി തടസ്സം കൂടാതെ ചെയ്യുന്നതിൽ പരാജയപ്പെടുകയോ ചെയ്താൽ ടി ഏജൻസിയുടെ കരാർ റദ്ദാക്കുന്നതിനുള്ള അധികാരം ക്വട്ടേഷൻ നൽകിയ അധികാരിക്ക് ഉണ്ടായിരിക്കുന്നതാണ്.ഇതിന്റെ പേരിലുള്ള കഷ്ടനഷ്ടങ്ങൾ ക്വട്ടേഷൻ ഏറ്റെടുത്ത വ്യക്തി വഹിക്കേണ്ടതായി വരുന്നതുമാണ്.

ക്വട്ടേഷൻ ഉറപ്പിക്കുന്നവർ 200 രൂപ മുദ്ര പത്രത്തിൽ നവം.26 ന് കരാർ ഒപ്പ് വക്കേണ്ടതും നവംബർ 30 ന് മുൻപായി പ്രവൃത്തികൾ ചെയ്ത് തീർക്കേണ്ടതുമാണ്. ഫൈനൽ ബിൽ സമർപ്പിക്കുന്ന മുറക്ക് ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറി നൽകുന്നതാണ്.

***തുക രേഖപ്പെടുത്തുമ്പോൾ എല്ലാ നികുതികളും ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***

ബിന്ദു റാണി.സി
പെൻ നമ്പർ 100392
സീനിയർ ഫിനാൻസ് ഓഫീസർ

**നോട്ടീസ് ബോർഡ് // ഒഫീഷ്യൽ വെബ് സൈറ്റ്**